**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1676** **08-12-2022 - ൽ മറുപടിയ്ക്ക്**

**കൊച്ചി നിയോജക മണ്ഡലത്തിലെ ഡിജിറ്റൽ റീ സർവ്വേയുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കൊച്ചി നിയോജക മണ്ഡലത്തിൽ നടന്നുവരുന്ന ഡിജിറ്റൽ റീ സർവ്വേയുടെ പുരോഗതി വിശദമാക്കുമോ; | (എ) | കൊച്ചി നിയോജക മണ്ഡലത്തിലെ ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി, തോപ്പുംപടി എന്നീ വില്ലേജുകളും കൊച്ചി, തൃപ്പൂണിത്തുറ എന്നീ നിയോജക മണ്ഡലങ്ങളിൽ ഉൾപ്പെട്ടുവരുന്ന പള്ളുരുത്തി വില്ലേജും ഡിജിറ്റൽ റീസർവ്വെ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി, തോപ്പുംപടി പള്ളുരുത്തി എന്നീ വില്ലേജുകളുടെ റിക്കാർഡ് കളക്ഷൻ, സ്കാനിംഗ്, Meta Data Uploading എന്നീ ജോലികളും മട്ടാഞ്ചേരി, തോപ്പുംപടി എന്നീ വില്ലേജുകളുടെ ബ്ലോക്ക് ഫോർമേഷൻ ജോലികളും പൂർത്തിയാക്കിയിട്ടുണ്ട്. |
| (ബി) | ആദ്യഘട്ടത്തിൽ ഉൾപ്പെട്ട ഇടകൊച്ചി, പള്ളുരുത്തി തോപ്പുംപടി, ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി വില്ലേജുകളിലെ റീസർവ്വേ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കുമോ; | (ബി) | 2022 നവംബർ മാസം 1-ാം തീയതി സംസ്ഥാനത്ത് ആരംഭിച്ച ഡിജിറ്റൽ സർവ്വേ പദ്ധതിക്കായി ആദ്യഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട 200 വില്ലേജുകളുടെ സർവ്വെ നടപടികൾ 6 മാസത്തിനുള്ളിൽ പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. എല്ലാ 6 മാസത്തിലും 200 വീതം വില്ലേജുകളിൽ സർവ്വെ പൂർത്തീകരിച്ച് 4 വർഷം കൊണ്ട് 1550 വില്ലേജുകളിൽ സർവ്വെ നടപടി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | രണ്ടാംഘട്ട റീസർവ്വേ എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ? | (സി) | ആധുനിക സർവ്വെ ഉപകരണങ്ങൾ ലഭ്യമാക്കി ഡിജിറ്റൽ സർവ്വെ പദ്ധതിയുടെ ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളുടെ ഡിജിറ്റൽ സർവ്വെ പൂർത്തിയാക്കുന്ന മുറയ്ക്ക് രണ്ടാം ഘട്ടത്തിലുള്ള വില്ലേജുകളുടെ സർവ്വെ നടപടികൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ